കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-നിയോജകമണ്ഡല ആസ്തിവികസന പദ്ധതി-2016-17-ആലത്തൂർ നിയോജകമണ്ഡലം-ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിൽ കുനിശ്ശേരി-പനയമ്പാറ പാലം നിർമ്മാണം ശ്രീ.കെ.ഡി.പ്രസേനൻ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1882/2017/തസ്വഭവ തിരുവനന്തപുരം, തീയതി,07.06.2017**

==========================================================

പരാമർശം:
1. സ.ഉ(സാധാ)നം. 332/12/ ധന തീയതി 11-06-2012.
2. ശ്രീ.കെ.ഡി.പ്രസേനൻ എം.എൽ.എ.യുടെ 25-10-16 ലെ കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 23-05-17 ലെ ഡി.ബി.3-6545/17/ സി.ഇ./ ത.സ്വ.ഭ.വ നമ്പർ കത്ത്.

**ഉത്തരവ്**

ആലത്തൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.കെ.ഡി.പ്രസേനൻ എം.എൽ.എ., ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിലെ കുനിശ്ശേരി-പനയമ്പാറ പാലം നിർമ്മാണം 2016-17-ലെ എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ അടങ്കൽ തുകയായ 20 ലക്ഷം രൂപയുടെ ഭരണാനുമതിക്ക വേണ്ടി പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)ലെ സർക്കാർ ഉത്തരവും വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ് എന്ന നിബന്ധനയോടെ, ആലത്തൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.കെ.ഡി.പ്രസേനൻ എം.എൽ.എ.യുടെ 2016-17 ലെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിൽ, ആകെ അടങ്കൽ തുകയായ 20 ലക്ഷം രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) ചെലവഴിച്ച് 'കുനിശ്ശേരി-പനയമ്പാറ പാലം നിർമ്മാണം' എന്ന പ്രവൃത്തി നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. ഇത് സംബന്ധിച്ച ചെലവ് '4515-00-800-96 പ്രോജക്ട്സ് അണ്ടർ എൽ.എ.സി.-എ.ഡി.എസ്'' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.ഷാജഹാൻ**
**സെക്രട്ടറി**

To

1. ശ്രീ.കെ.ഡി.പ്രസേനൻ എം.എൽ.എ.(ആമുഖ കത്ത് സഹിതം)
2. ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം